(എ) കേരള സ്റ്റേറ്റ് മെഡിക്കൽ ഷോപ്പ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നുവോ ; എങ്കിൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ; ആർക്കാണ് അന്വേഷണ ചുമതല എന്ന് വ്യക്തമാക്കുമോ ;

(ബി) അന്വേഷണത്തിന് ഉത്തരവായത് എന്നാണ് ; അന്വേഷണ കാലാവധി അവസാനിച്ചോ ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് മെഡിക്കൽ ഷോപ്പ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി പരാതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായി കണയന്നൂർ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ 12-12-2014-ലെ ഉത്തരവ് മുഖാന്തിരമാണ് അന്വേഷണത്തിന് ഉത്തരവായിരുന്നത്. 45 ദിവസത്തെ അന്വേഷണ കാലാവധി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത കാലാവധി അവസാനിച്ചിട്ടുണ്ട്. 10-6-2015-ൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

നൻമ സ്റ്റോറുകൾ

70(2058) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പുതുതായി നന്മ സ്റ്റോറുകൾ ആരംഭിക്കുവാനായി ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം നിരസിച്ചിട്ടുണ്ടെന്ന് കാരണം സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പുതുതായി നൻമ സ്റ്റോറുകൾ ആരംഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ ഒന്നുംതന്നെ നിരസിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly